# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## <u>പത്രക്കുറിപ്പ്</u>

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കമ്പ്യൂട്ടർ സയൻസ് (ജൂനിയർ) കാറ്റഗറി നമ്പർ 341/2017 തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇന്റർവ്യൂ 22.01.2020 തീയതി മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ആസ്ഥാന ഓഫീസ്, തിരുവനന്തപുരം; എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസ്, ജില്ലാ ഓഫീസ് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്. ഇന്റർവ്യൂ സംബന്ധിച്ച പ്രൊഫൈൽ മെസേജ്, എസ്.എം.എസ് അറിയിപ്പ് ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ, വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, വ്യക്തിവിവരണ കുറിപ്പ് എന്നിവ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടതും, ഇന്റർവ്യൂ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതുമാണ്. മെമ്മോ പ്രൊഫൈലിൽ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ ജി.ആർ-2 സി വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് (ഫോൺ:0471-2546294). പി.എസ്.സി-യുടെ വെബ് സൈറ്റിലെ Interview Schedule, Announcement ലിങ്ക് എന്നിവകൂടി പരിശോധിക്കുക.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**സെക്രട്ടറിക്കു വേണ്ടി**